# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1566– 07/03/2018 -ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ വികസന സൂചിക

**ചോദ്യം** | **ഉത്തരം**

ശ്രീ.കെ. ദാസൻ

പിണറായി വിജയൻ
മുഖ്യമന്ത്രി

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തിന്റെ വികസന സൂചികയിൽ വൻമുന്നേറ്റം നടത്താൻ സഹായകമാകുന്ന നവകേരള മിഷൻ പദ്ധതിയെ എസ്.ഡി.ജി (Sustainable Development Goals) സൂചികകളുമായി ഉൾച്ചേർത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | 2030-ൽ എല്ലാ രാജ്യങ്ങളിലും വികസനം ലക്ഷ്യമിട്ടുകൊണ്ട് ഐക്യരാഷ്ട്ര സംഘടന വിഭാവനം ചെയ്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ (Sustainable Development Goals) എന്ന പദ്ധതിക്ക് ഭാരത സർക്കാരിന്റെ നീതി ആയോഗും സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയവും ചേർന്ന് ദേശീയ തലത്തിൽ ഒരു ചട്ടക്കൂട് രൂപകല്പന ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. കേരള സംസ്ഥാനത്തിൽ ഇതിലേയ്ക്കായി ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പിനെ നോഡൽ വകുപ്പായും വകുപ്പ് ഡയറക്ടറെ നോഡൽ ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള State Level Steering Committee -യും സംസ്ഥാന ആസൂത്രണ ബോർഡ്, സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, ഡയറക്ടർ കില, സെൻസസ് ഡയറക്ടറേറ്റ് തുടങ്ങിയ വിവിധ സാങ്കേതിക വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്ലാനിംഗ് |

| | | |
|---|---|---|
| | | സെക്രട്ടറി അദ്ധ്യക്ഷനായി Sustainable Development Goals മോണിറ്ററിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സി.പി.എം.യു വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറുടെ മേൽനോട്ടത്തിൽ നാല് റിസർച്ച് അസോസിയേറ്റുകളെ ഉൾപ്പെടുത്തി SDG സെൽ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടിയും Sustainable Development Goals കൈവരിക്കുന്നതിന് വേണ്ട സൂചകങ്ങൾ തയ്യാറാക്കുന്നതിനുമായി Central Plan Monitoring Unit -ഉം Kerala Institute of Local Administration -ഉം ചേർന്ന് ബന്ധപ്പെട്ട വകുപ്പുകളിലെ ഓഫീസർമാരെ ഉൾപ്പെടുത്തി 16.02.2018 -ൽ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തുടർചർച്ചകൾ, ശില്പശാലകൾ, സെമിനാറുകൾ തുടങ്ങിയവ നടത്തി സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ കർമ്മ പദ്ധതിക്ക് രൂപം നൽകി വരുന്നു. സംസ്ഥാനത്തിന്റെ വികസന സൂചികയിൽ വൻ മുന്നേറ്റം നടത്താൻ സഹായകമാകുന്ന നവകേരളം മിഷൻ പദ്ധതിയെ Sustainable Development Goals -ന്റെ സൂചകങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് രൂപം നൽകുന്നതിനും ഉദ്ദേശമുണ്ട്. |
| ബി | സംസ്ഥാനത്തിന്റെ വികസന നേട്ടങ്ങളും എസ്.ഡി.ജി യുമായി ബന്ധപ്പെട്ട വിശദാംശങ്ങളും ബഹുജനങ്ങളെ അറിയിക്കാൻ എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്യുകയെന്ന് വ്യക്തമാക്കാമോ? | ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് വഴിയും ദൃശ്യ, ശ്രാവ്യ, പത്ര മാധ്യമങ്ങൾ വഴിയും Sustainable Development Goals -ന്റെ വിശദാംശങ്ങൾ ബഹുജനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ